പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്) :

(എ) മേശപ്പുറത്തു് വച്ചിരിക്കുന്ന എഗ്രിമെന്റിൽ † വേജസ്സു് എത്ര യെന്നു രേഖപ്പെടുത്തിയിട്ടുണ്ടു്.

(ബി) മേശപ്പുറത്തു വച്ചിട്ടുണ്ടു്.†

സ്പെഷ്യൽ ആംഡു് പോലീസിന്റെ ജോലികൾ.

* 1734. [25] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യൽ ആംഡു് പോലീസിന്റെ ജോലികൾ എന്തെല്ലാം;

(ബി) ഈ വിഭാഗത്തിൽപ്പെട്ടവരെ റെഗുലർ പോലീസു് വിഭാഗത്തിലേയ്ക്കു് മാറ്റാറുണ്ടോ ;

(സി) ഹെഡ്കോൺസ്റ്റേബിൾസിൽനിന്നു് പുറത്തു ജോലിക്കു നിയോഗിക്കുമ്പോൾ ഇവർക്കു് റാങ്കു് എ. യും ഡി. എ. യും അനുവദിക്കാറുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതു നിരക്കിൽ ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) നിയമസമാധാന പരിപാലനത്തിനു് (Law and Order) ലോക്കൽ പോലീസിനെയും ഡിസ്ട്രിക്റ്റു് ആംഡു് റിസർവ്വു് പോലീസിനേയും സഹായിക്കുകയാണു് സ്പെഷ്യൽ ആംഡു് പോലീസിന്റെ പ്രധാന ജോലി.

(ബി) ചില നിബന്ധനകൾക്കു് വിധേയമായി മാറ്റാറുണ്ടു്.

(സി) ഉണ്ടു്.

(ഡി) നിലവിലുള്ള റാങ്കു് എ. റ്റു പ്രകാരം, ഗവണ്മെന്റു് സെർവ്വിലാണു് പോകുന്നതെങ്കിൽ ലോവർ ഗ്രേഡു് കോൺസ്റ്റബിൾമാർക്കു് 2 രൂപയും അപ്പർ ഗ്രേഡു് കോൺസ്റ്റബിൾമാർക്കു് 3 രൂപയും ഹെഡു് കോൺസ്റ്റബിൾമാർക്കു് 3 രൂപയും എന്ന തോതിൽ ഡി. എ. മാത്രം നൽകിവരുന്നുണ്ടു്.

Transport of Foodgrains.

* 1735. [26] **Smt. Kusumam Joseph** : Will the Minister for Food be pleased to state :

(a) to whom was the contract for transport and handling of foodgrains at the foodgrains Depot, Trivandrum, for 1959-60 entrusted ;

(b) is it a fact that the Registrar of Co-operative Societies has passed orders for taking necessary steps under Section 45 of the Co-operative Societies Act against the society with whom the Government have entrusted the contract with a view to winding it up ;

(c) how many members are there in the Labour Welfare Co-operative Society Ltd. No. 2991 who are actual workers, registered for the operations at the Trivandrum Foodgrains Depot ; and

† Please see Appendix III.

LIBRARY ARCHIVES Kerala Legislative Assembly